## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2190 — 07.03.2017 ൽ മറുപടിക്ക്

# മെഡിക്കൽ മാലിന്യ സംസ്കരണം

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആശുപത്രികളിൽ നിന്നുള്ള മെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (എ) | നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ നിന്നും പ്രതിദിനം പുറന്തള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനം വഴിയാണ്.<br>ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ കത്തിറ്റുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ചശേഷം ഇവ ശേഖരിച്ച് ഇമേജ് സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനു വേണ്ടി ഇൻസിനറേറ്ററുകൾ ഷാർപ്പ്പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.<br>പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രികളിൽ തന്നെ സംസ്കരിക്കുന്നു.<br>പി.എച്ച്.സി, സി.എച്ച്.സി തുടങ്ങിയ ചെറിയ സ്ഥാപനങ്ങളിൽ നിലവിൽ സുരക്ഷിതമായി ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ കുഴിച്ച് മൂടുകയോ, കത്തിക്കുകയോ ആണ് ചെയ്യുന്നത്. |
| (ബി) | പല സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും ഇത്തരം മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ നടപടി സ്വീകരിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില ആശുപത്രികളിൽ മാലിന്യം തരംതിരിച്ചുള്ള ശേഖരണം/സംസ്കരണം എന്നിവ ശരിയായ രീതിയിൽ നടപ്പിലാക്കാത്തതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നടപടിയെടുത്തിട്ടുണ്ട്. |
| (സി) | ഇത്തരം മാലിന്യങ്ങളുടെ നീക്കം ശരിയായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; | (സി) | ഇത്തരം മാലിന്യങ്ങളുടെ നീക്കം ശരിയായ രീതിയിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന ചുമതല അതാത് സ്ഥാപനങ്ങളിലെ ആശുപത്രി സൂപ്രണ്ടുമാർ, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ആഫീസർ ഇൻചാർജ്/ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കാണ്. |
| (ഡി) | മെഡിക്കൽ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കാത്ത ഏതെങ്കിലും സർക്കാർ/സ്വകാര്യ ആശുപത്രികൾക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കഴിഞ്ഞ വർഷത്തിൽ സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യം തരംതിരിച്ചുള്ള ശേഖരണം/സംസ്കരണം എന്നിവ ശരിയായ രീതിയിൽ നടപ്പിലാക്കാത്തതിനാൽ 15 സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസും ഒരു സ്ഥാപനത്തിന് അടച്ചുപൂട്ടൽ ഉത്തരവും നൽകിയിട്ടുണ്ട്. ആയതിൽ 2 സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നു. മറ്റുള്ള സ്ഥാപനങ്ങൾക്ക് എതിരെയുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ